**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4610** **02-07-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി മേഖലയിൽ ഇക്കോട്ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി മേഖലയിൽ ഇക്കോട്ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി വനം വകുപ്പ് മുഖേന സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേലുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | ചിമ്മിനി ഇക്കോട്ടൂറിസം പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ ഇക്കോട്ടൂറിസം ക്ലിയറിങ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പ്രോജക്ടിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായി 13-11-2023 തീയതിയിൽ ഡയറക്ടർ, ടൂറിസം ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരത്തിന് ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രൊപ്പോസൽ തുടർ നടപടികൾക്കായി നിലവിൽ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്താണ് ഉള്ളത്. കൂടാതെ പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി സർക്കാർ തലത്തിൽ ഒരു ഉന്നത തല യോഗം വിളിച്ചു ചേർക്കുകയും ടി യോഗത്തിൽ പ്രോജക്ടിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങൾ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ചിമ്മിനി ഇക്കോട്ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ അനുമതിയും ഫണ്ടും ലഭ്യമാക്കുമോ; വിശദമാക്കുമോ? | (ബി) | പദ്ധതി നടത്തിപ്പിനാവശ്യമായ തുക അനുവദിക്കുന്നതിനായി ഇക്കോട്ടൂറിസം ക്ലിയറിങ് കമ്മിറ്റി അംഗീകരിച്ച പ്രോജക്ട് പ്രൊപ്പോസൽ 13-11-2023 തീയതിയിൽ ടൂറിസം ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതാണ്. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സർക്കാർ തലത്തിൽ കൂടിയ യോഗത്തിൽ പുതുക്കാട് എം എൽ എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും, ടൂറിസം വകുപ്പിൽ നിന്നും 50 ലക്ഷം രൂപയും ഉപയോഗിച്ച് പദ്ധതിയുടെ ഒന്നാം ഘട്ടം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതി ആരംഭിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ